DWCD/559/2022-ICDSB6

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി :02/03/2022
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

വിഷയം: വനിത ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്- **അങ്കണവാടി പ്രീ സ്കൂൾ പ്രവർത്തനങ്ങൾ മുഴുവൻ സമയമാക്കുന്നത് - സംബന്ധിച്ച്:-**

സൂചന: 1) ഈ കാര്യാലയത്തിലെ 28/12/2021 ലെ ICDS/B6-15268/2020 നം കത്ത്.

2) ഈ കാര്യാലയത്തിലെ 12/02/2022 ലെICDS/B6-15268/2020 നം കത്ത്.

അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിച്ച് പ്രീസ്കൂൾ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് മാർഗ്ഗരേഖ 29/12/2021 ന് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളും പ്രീസ്കൂൾ സേവനം നൽകുന്നതിനായി കുട്ടികളെ പ്രവേശിപ്പിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 2022 ഫെബ്രുവരി 14 മുതൽ പ്രീസ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആദ്യത്തെ ഒരു മാസം അങ്കണവാടികളിൽ ഉച്ചയ്ക്ക് 12.30 വരെ പ്രീസ്കൂൾ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ പ്രീസ്കൂൾ പ്രവർത്തനങ്ങൾ 3.30 വരെ ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് രക്ഷിതാക്കളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിലും 2022 മാർച്ച് 2 മുതൽ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളും പ്രീസ്കൂൾ സേവനം രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ നടത്തേണ്ടതാണ്. അർഹരായ എല്ലാ കുട്ടികളെയും അങ്കണവാടിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. "**കുരുന്നുകൾ അങ്കണവാടിയിലേക്ക്** " എന്ന മാർഗ്ഗരേഖയിലെ മറ്റ് നിർദ്ദേശങ്ങൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

വിശ്വസ്തതയോടെ,

വനിതശിശു വികസന ഡയറക്ടർ

പകർപ്പ് :

1. എല്ലാ ജില്ലാ വനിതശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കും